<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6164**</u> <u>**09-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**തിരുവാണിയൂർ പാലച്ചുവട് കോളനിയിലേക്കുള്ള ജലവിതരണ ലൈൻ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംമുഗൾ മുതൽ പാലച്ചുവട് കോളനി വരെ ജലവിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംമുകൾ മുതൽ പാലച്ചുവട് കോളനി വരെ ജലവിതരണ ലൈൻ സ്ഥാപിക്കുന്നത്തിനായി ജില്ലാ പഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തി ദർഘാസ് ക്ഷണിച്ച് 02.11.2021ന പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ജലവിതരണ ലൈൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി എം.എൽ.എ പ്രാദേശിക ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി 7,30,000/- രൂപയുടെ എസ്റ്റിമേറ്റ് 07/01/2021-ൽ സമർപ്പിച്ചെങ്കിലും എം.എൽ.എ ഫണ്ടിൽ മതിയായ തുക ലഭ്യമല്ലാത്തതിനാൽ അനുമതി നൽകിയിരുന്നില്ല. തുടർന്ന് ജില്ലാ പഞ്ചായത്ത് മെമ്പറുടെ 26/01/2021-ലെ അഭ്യർഥന പ്രകാരം സെൻറ്റേജ് ചാർജ്ജ് ഉൾപ്പെടെ 9,56,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതു 24/03/2021 ന ജില്ലാ പഞ്ചായത്തിൽ നിന്നും നിക്ഷേപ പ്രവൃത്തിയായി അനുമതി ലഭ്യമാക്കി ജില്ലാ പഞ്ചായത്ത് തുക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുകയും ചെയ്തു. എന്നാൽ സാന്ത്വന സ്പർശം പരാതി പരിഹാര അദാലത്തിലെ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്കായി എം.എൽ.എ ഫണ്ടിൽ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരവും 7,30,000/-രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ ഭരണാനുമതി റദ്ദ് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2021ലെ ഇലക്ഷൻ പെരുമാറ്റച്ചട്ടം മെയ് മാസം വരെ നിലവിലുണ്ടായിരുന്നതിനാലും ശേഷം വാട്ടർ അതോറിറ്റിയുടെ പുതുക്കിയ മാർക്കറ്റ് റേറ്റ് നിലവിൽ വരുന്നതിനുണ്ടായ താമസം മൂലവും ടെൻഡർ നടപടിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് | (സി) | 02/11/2021 ൽ പ്രവർത്തനാനുമതി നൽകിയിട്ടുള്ള |

| | | | |
|---|---|---|---|
| | അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | മേൽ പ്രവൃത്തി 16/11/2021 തീയതിക്കുള്ളിൽ കരാർ ഉടമ്പടി വച്ച് 01/01/2022 തീയ്യതിക്ക് മുൻപ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ